

# സൂപ്പർ കാർ ഷോ

























ഫോട്ടോ: ലെനിൻ എസ്. ലങ്കയിൽ



അൻപതോളം സൂപ്പർ കാറുകൾ, നൂറ്റിയൻപതോളം സൂപ്പർ ബൈക്കുകൾ.

വാഹനപ്രേമികളെ ആവേശത്തിലാറാടിച്ച് പീറ്റ്സ് ഫെസ്റ്റിവൽ ഓഫ് സ്പീഡ് നെടുമ്പാശേരിയിൽ നടന്നു. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിനടുത്തുള്ള കൺവൻഷൻ സെന്ററായിരുന്നു വേദി. മുൻവർഷങ്ങളെക്കാളും വിപുലമായി ട്ടായിരുന്നു ഇത്തവണത്തെ മേള. സൂപ്പർകാറുകളുടെയും സൂപ്പർ ബൈക്കുകളുടെയും പ്രദർശനത്തോടൊപ്പം അവയുടെ റാലിയും പ്രേക്ഷകരിൽ ആവേശമുയർത്തി.

ലംബോർഗിനി, മസ്താങ്, ഔഡി ആർ8, പോർഷെ കയേൻ, 911, ബോക്സ്റ്റർ, പനാമെര ടർബോ, 911 കരേര, ബിഎംഡബ്ല്യു എം4, എം5 , സി4, നിസ്സാൻ ജിടി, മെഴ്സിഡീസ് സിഎൽഎ 45 എഎംജി, ജി എൽ എ 45 എഎംജി, എസ്എൽഎസ് എഎംജി, ജി വാഗൺ എന്നിങ്ങനെ കോടികൾ വിലയുള്ള സൂപ്പർ താരങ്ങളെ കാണാൻ ആയിരങ്ങളാണ് മേളയിലേക്ക് എത്തിയത്.

കാവാസാക്കിയുടെ ഏറ്റവും പുതിയ മോഡലായ വൾക്കേനിന്റെ ലോഞ്ച് സൂപ്പർ ബൈക്ക് പവിലിയനിൽ നടന്നു. ബിഎംഡബ്ല്യു, ഇന്ത്യൻ, ഡ്യുക്കാറ്റി, കാവാസാക്കി, ഹോണ്ട, ട്രയംഫ് എന്നിവരുടെ മോഡലുകൾ മേളയിലെ ശ്രദ്ധാകേന്ദ്രങ്ങളായി.

രണ്ടു ദിവസം നീണ്ട മേളയിൽ ആക്സസറീസുകളുടെ പ്രത്യേക വിഭാഗവും ഗോ കാർട്ടിങ് ട്രാക്കും ഒരുക്കിയിരുന്നു.







# വേഗപ്പൂരം

പീറ്റ്സ് ഫെസ്റ്റിവൽ ഓഫ് സ്പീഡിലെ രണ്ടു പ്രധാന ആകർഷണങ്ങൾ പോപ്പുലർ ഓട്ടോ ക്രോസും എംആർഎഫ് സൂപ്പർ ക്രോസുമായിരുന്നു. പൊടിപാറിയ മത്സരങ്ങളിൽ ദേശീയ, രാജ്യാന്തര താരങ്ങൾ പങ്കെടുത്തു.

നാലുചക്ര വാഹനങ്ങൾക്കായി പോപ്പുലർ വെഹിക്കിൾസ് ദേശീയതലത്തിൽ സംഘടിപ്പിച്ച മോട്ടോ ക്രോസ് മത്സരത്തിൽ മികച്ച ഡ്രൈവറായി രാജ്യാന്തരതാരം ഡോ. ബിക്കു ബാബുവിനെ തിരഞ്ഞെടുത്തു. ഓപ്പൺ ക്ലാസിലും 1600 സിസി വിഭാഗത്തിലും വിജയി ബിക്കു ബാബു ആണ്. ജിപ്സി ക്ലാസിൽ സൂരജ് ഒന്നാം സ്ഥാനം നേടി. കേരളാ ക്ലാസിൽ രോഹിതും 1100 സിസി,1400 സിസി വിഭാഗ ങ്ങളിൽ ജേക്കബും ഒന്നാമതെത്തി.

എംആർഎഫ് മോഗ്രിപ് സൂപ്പർ ക്രോസ് ചാംപ്യൻഷിപ്പിന്റെ ആദ്യപാദ മത്സര മാണ് പീറ്റ്സ് ഫെസ്റ്റിവൽ ഓഫ് സ്പീഡിനോടനുബന്ധിച്ചു നടന്നത്. ഫോറിൻ ഓപ്പൺ ക്ലാസിൽ ടിവിഎസ് റേസിങ്ങിന്റെ ഹരിത് നോവയും തൻവീറും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. നോവൈസ് വിഭാഗത്തിൽ ടിവിഎസ് റേസിങ്ങിലെ കലിമോഹനാണ് ഒന്നാം സ്ഥാനം. എറണാകുളം സ്വദേശി മുരളി സി.പി രണ്ടാമതെത്തി.










